പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3856 — 27.06.2012-ൽ മറുപടിക്ക്

## ആശുപത്രികളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആശുപത്രികളുടെ നവീകരണത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം നല്കുന്നുണ്ടോ ; എങ്കിൽ കേന്ദ്രസർക്കാരിന്റെ പങ്കാളിത്തം സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ; | എ) ആശുപത്രികളുടെ നവീകരണത്തിന് കേന്ദ്ര ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. ഒറ്റത്തവണ കേന്ദ്രസഹായം, ധനകാര്യകമ്മീഷൻ ശുപാർശകൾ, അധിക കേന്ദ്ര സഹായം, 100% കേന്ദ്രസഹായം, 50% കേന്ദ്ര സഹായം, 85% കേന്ദ്രസഹായം 75% കേന്ദ്രസഹായം എന്നീ രീതികളിൽ അടിസ്ഥാന സൗകര്യ വികസനം, മരുന്ന് വാങ്ങൽ, ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, മുതലായ ആവശ്യങ്ങൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. |
| ബി) ആരാധനാകേന്ദ്രങ്ങൾ, വിനോദസഞ്ചാര മേഖലകൾ എന്നിവയ്ക്ക് സമീപമുള്ള ആശുപത്രികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) ആശുപത്രികൾ നവീകരിയ്ക്കുന്നതിന് കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആരാധനാ കേന്ദ്രങ്ങൾ വിനോദ സഞ്ചാര മേഖലകൾ എന്നിവയ്ക്കു സമീപമുള്ള ആശുപത്രികൾ എന്ന രീതിയിൽ തരം തിരിയ്ക്കാറില്ല. |
| സ) തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നല്കുമോ ; വിശദമാക്കുമോ ? | സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നൽകി വരുന്നില്ല. |

സെക്ഷൻ ഓഫീസർ